# കേരള ടെക്നിക്കൽ ഹൈസ്കൂൾ

## ശാസ്ത്ര സാങ്കേതിക മേള

# മാന്വൽ

(Approved as per GO(Rt) No. 955/2024/HEdn, Thiruvananthapuram, dated 30/07/2024)

കേരള സർക്കാർ

സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്

2023

# ആമുഖം

ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ലോകത്താകമാനം തൊഴിൽമേഖലകളിൽ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടുവെങ്കിലും സാങ്കേതികമികവും വൈദഗ്ദ്യവും പുലർത്തുന്ന തൊഴിലാളികളുടെ അഭാവം രൂക്ഷമായിരുന്നു. പൊതുവിദ്യാഭ്യാസ മേഖല പാഠ്യവിഷയങ്ങളിൽ മാത്രമായി ഒതുങ്ങിയിരുന്ന ആ കാലഘട്ടത്തിൽ സാങ്കേതിക വിദ്യാഭ്യാസത്തിലൂടെ പുതിയൊരു തലമുറയെ സമൂഹത്തിന്റെ താഴെക്കിടയിൽനിന്നും വാർത്തെടുക്കുക എന്ന ഉദ്ദേശത്തിലാണ് 1960 കളിൽ കേരളത്തിൽ ടെക്നിക്കൽ സ്കൂളുകൾ ആരംഭിച്ചത്. ഇതിലൂടെ സമത്വം, തൊഴിൽ സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുവാനും അതുമൂലം ജീവിതസാഹചര്യങ്ങളിലും ഗണ്യമായ മാറ്റങ്ങൾ വരുത്തുവാനും കഴിഞ്ഞിട്ടുണ്ട്.

വിദ്യാർത്ഥികളിൽ അന്തർലീനമായ ശാസ്ത്ര-സാങ്കേതിക കഴിവുകളെ സ്കൂൾ തലത്തിൽ തന്നെ കണ്ടെത്തി പ്രോത്സാഹിപ്പിച്ച് കേരളത്തിന് അഭിമാനമായി ലോകത്തിന് മുന്നിൽ ഭാരതത്തിന്റെ യശസ്സ് ഉയർത്തിപ്പിടിക്കുന്ന പ്രതിഭകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ 2017 മുതൽ ആണ് ടെക്നിക്കൽ ഹൈസ്കൂൾ ശാസ്ത്ര-സാങ്കേതിക മേള ആരംഭിച്ചത്.

2017-ലാണ് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേർസ് ട്രെയിനിംഗ് ആൻഡ് റിസർച്ച് -ന്റെ നേതൃത്വത്തിൽ മത്സരയിനങ്ങളുടെ പട്ടികയും നടത്തിപ്പ് സംബന്ധിച്ച നിയമാവലികളും ഉൾപ്പെടുത്തി മാന്വൽ ആധികാരികമായി പ്രസിദ്ധീകരിച്ചത്. പഴയ മാന്വലിനെ അടിസ്ഥാനപ്പെടുത്തി ഐ.ടി, ഗണിതം എന്നീ മേഖലകൾ കൂടി ഉൾപ്പെടുത്തി അതത് മേഖലകളിലെ വിദഗ്ദരുമായി കൂടിയാലോചിച്ചാണ് മാന്വൽ പരിഷ്ക്കരണ ശുപാർശകൾ തയാറാക്കിയിരിക്കുന്നത്.

ശാസ്ത്ര-സാങ്കേതിക രംഗത്തെ നൂതനാശയങ്ങൾ വിദ്യാർത്ഥികളിലൂടെ സമൂഹത്തിന് മുന്നിലേക്ക് എത്തിക്കുവാൻ ഇത്തരം മേളകൾ സഹായകകരമാകും എന്ന കാര്യത്തിൽ സംശയമില്ല.

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

# കേരള ടെക്നിക്കൽ ഹൈസ്കൂൾ
# ശാസ്ത്ര സാങ്കേതിക മേള
# മാനവൽ

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| **ആമുഖം** | | |
| **അദ്ധ്യായം 1 :** | **പൊതുനിർദ്ദേശങ്ങൾ** | 1 |
| | ലക്ഷ്യങ്ങൾ | 2 |
| | നടത്തിപ്പ് - പൊതുനിർദ്ദേശങ്ങൾ | 3 |
| | മൂല്യനിർണ്ണയം - പൊതുനിർദ്ദേശങ്ങൾ | 4 |
| **അദ്ധ്യായം 2 :** | **നടത്തിപ്പ്** | 6 |
| | സ്കൂൾതലം | 6 |
| | സംസ്ഥാനതലം | 8 |
| **അദ്ധ്യായം 3 :** | **കമ്മിറ്റികൾ ചുമതലകൾ** | 14 |
| | സംഘാടക സമിതി | 14 |
| | ധനകാര്യ കമ്മിറ്റി | 15 |
| | പ്രോഗ്രാം കമ്മിറ്റി | 15 |
| | സ്വീകരണ കമ്മിറ്റി | 17 |
| | രജിസ്ട്രേഷൻ കമ്മിറ്റി | 17 |
| | അക്കോമഡേഷൻ കമ്മിറ്റി | 17 |
| | ഭക്ഷണ കമ്മിറ്റി | 18 |
| | പ്രദർശന കമ്മിറ്റി | 18 |
| | പന്തൽ & സ്റ്റേജ് കമ്മിറ്റി | 19 |
| | ലൈറ്റ് & സൗണ്ട് കമ്മിറ്റി | 19 |
| | പ്രചാരണ കമ്മിറ്റി | 20 |
| | നിയമപാലന കമ്മിറ്റി | 20 |
| | വേൽഫയർ കമ്മിറ്റി | 20 |
| | വാഹന കമ്മിറ്റി | 21 |
| | ട്രോഫി കമ്മിറ്റി | 21 |
| | മൂല്യനിർണ്ണയ കമ്മിറ്റി | 22 |
| | ഗ്രീൻ പ്രോട്ടോക്കോൾ കമ്മിറ്റി | 23 |
| | അപ്പീൽ കമ്മിറ്റി | 23 |

| | | |
|---|---|---|
| **അദ്ധ്യായം 4 :** | **ചാമ്പ്യൻഷിപ്പും ഗ്രേസ് മാർക്കും** | 25 |
| | ചാമ്പ്യൻഷിപ്പ് കണക്കാക്കുന്ന വിധം | 25 |
| | ഗ്രേസ് മാർക്ക് | 26 |
| **അദ്ധ്യായം 5 :** | **ശാസ്ത്ര സാങ്കേതിക മേഖല** | 27 |
| | പൊതു നിർദ്ദേശങ്ങൾ | 27 |
| | പ്രവർത്തന മാതൃക | 28 |
| | നിശ്ചല മാതൃക | 28 |
| | തത്സമയ മത്സര ഇനങ്ങൾ | 28 |
| | മൂല്യ നിർണ്ണയോപാധികൾ | 32 |
| **അദ്ധ്യായം 6 :** | **ഐ.ടി.മേഖല** | 34 |
| | പൊതു നിർദ്ദേശങ്ങൾ | 34 |
| | മത്സര ഇനങ്ങൾ | 35 |
| | ഡിജിറ്റൽ പെയിന്റിംഗ് | 35 |
| | ആനിമേഷൻ | 36 |
| **അദ്ധ്യായം 7 :** | **ഗണിതശാസ്ത്ര മേഖല** | 38 |
| | പൊതു നിർദ്ദേശങ്ങൾ | 38 |
| | മത്സര ഇനങ്ങൾ | 39 |
| | അപ്ലൈഡ് കൺസ്ട്രക്ഷൻ | 39 |
| | സ്റ്റിൽ മോഡൽ | 39 |
| **അനുബന്ധം** | | 41 |
| | ബഡ്ജറ്റ്, സർക്കാർ ഉത്തരവുകൾ | 42 - 43 |
| | എൻട്രി ഫോമുകളും, അനുബന്ധങ്ങളും | 44 - 55 |

# അധ്യായം 1
# പൊതു നിർദ്ദേശങ്ങൾ

- സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെയും, ഐ.എച്ച്.ആർ.ഡി യുടെയും കീഴിൽ വരുന്ന സംസ്ഥാനത്തെ ടെക്നിക്കൽ ഹൈസ്കൂളുകളിലെ 8, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ശാസ്ത്ര-സാങ്കേതികം, ഐ.ടി, ഗണിതശാസ്ത്രം എന്നീ മേഖലകൾ ഉൾപ്പെടുത്തിയുള്ള ഈ മേള **"കേരള ടെക്നിക്കൽ ഹൈസ്കൂൾ ശാസ്ത്ര-സാങ്കേതിക മേള"** ***(All Kerala Technical High School Science & Technology Fair)*** എന്ന പേരിൽ അറിയപ്പെടുന്നതാണ്.
- എല്ലാ വർഷവും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിക്കുന്ന ടെക്നിക്കൽ സ്കൂളുകളുടെ അക്കാഡമിക് കലണ്ടർ പ്രകാരമോ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശപ്രകാരമോ ഉള്ള തീയതികളിൽ സ്കൂൾ തലം, സംസ്ഥാന തലം എന്നിങ്ങനെ മത്സരങ്ങൾ നടത്തുന്നതാണ്.
- സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേർസ് ട്രെയിനിംഗ് ആൻഡ് റിസർച്ച് (SITTTR) -ന്റെ മേൽനോട്ടത്തിൽ കാലാകാലങ്ങളിൽ നിർദ്ദേശിക്കപ്പെടുന്ന വിഷയത്തെ ആധാരമാക്കിയായിരിക്കും മേള നടത്തുന്നത്.
- ശാസ്ത്ര-സാങ്കേതികം, ഐ.ടി, ഗണിതശാസ്ത്രം എന്നിങ്ങനെ മൂന്നു മേഖലകളായി തിരിച്ചാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്.

## 1.1 ലക്ഷ്യങ്ങൾ

- വിദ്യാർത്ഥികളിൽ വൈജ്ഞാനികവും ശാസ്ത്ര-സാങ്കേതിക, പ്രവൃത്തിപരിചയ, ഗണിതശാസ്ത്ര, ഐ.ടി അഭിരുചിയും ഗവേഷണ താൽപ്പര്യവും പഠനത്തിലൂടെ ആർജ്ജിച്ച അറിവുകളും നൈപുണ്യ ശേഷിയും താനുൾപ്പെടുന്ന സമൂഹത്തിന് ഉപയുക്തമാകും വിധം വളർത്തിയെടുക്കുക.
- ശാസ്ത്ര-സാങ്കേതിക, പ്രവൃത്തിപരിചയ, ഗണിതശാസ്ത്ര, ഐ.ടി എന്നിവയിലൂടെ ആർജ്ജിച്ച പരിജ്ഞാനം നിത്യജീവിതത്തിൽ പ്രായോഗികമാക്കുന്നതിനുള്ള പരിശീലനം നൽകുക.
- വിജ്ഞാന സമ്പാദനത്തിനോടൊപ്പം അന്വേഷണത്വരയും ഗവേഷണ ബുദ്ധിയും വളർത്തിയെടുക്കുക.
- കുട്ടികളുടെ നൈസർഗ്ഗികമായ കഴിവുകളെ കണ്ടെത്തി പരിപോഷിപ്പിക്കുക.
- മനുഷ്യനും അവന്റെ ചുറ്റുപാടുകളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അറിവുനേടുകയും ഈ അറിവ് നേടാനുള്ള രീതിശാസ്ത്രത്തെ കുറിച്ച് മനസ്സിലാക്കുകയും ചെയ്യുക.
- സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ പ്രാധാന്യവും ഉപയോഗവും പരിചയപ്പെടുത്തുക, ഡിജിറ്റൽ മാധ്യമങ്ങൾ ഉപയോഗിച്ചുള്ള സർഗ്ഗാത്മക സൃഷ്ടികൾ നടത്തുക.
- ഐ.ടി.മേഖലയിലെ നൂതന സാങ്കേതികവിദ്യകൾ പരിചയപ്പെടുന്നതിനും അവ ഉപയോഗപ്പെടുത്തുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കുക.
- ഭാവിയിൽ തനതായ ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ കൈവരിക്കുന്നതിനും പ്രവൃത്തിപരിചയ, ഗണിതശാസ്ത്ര, ഐ.ടി മേഖലകളിൽ പ്രായോഗിക വൈദഗ്ധ്യം നേടുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക.

## 1.2 നടത്തിപ്പ് - പൊതുനിർദ്ദേശങ്ങൾ

- സ്കൂൾതലം, സംസ്ഥാനതലം എന്നിങ്ങനെ രണ്ട് തലങ്ങളിലാണ് മത്സരങ്ങൾ നടക്കുന്നത്.
- സ്കൂൾ തലത്തിൽ എ ഗ്രേഡോടെ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന മത്സരാർത്ഥികൾക്ക് സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്.
- ഒരു വിദ്യാർത്ഥിക്ക് ശാസ്ത്ര-സാങ്കേതിക, ഗണിതശാസ്ത്ര, ഐ.ടി. മേഖലകളിൽ ഏതെങ്കിലും ഒരു വിഭാഗത്തിൽ ഒരിനത്തിൽ മാത്രമേ പങ്കെടുക്കാൻ അനുവാദമുള്ളൂ.
- സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേർസ് ട്രെയിനിംഗ് ആൻഡ് റിസർച്ച് (SITTTR)- ന്റെ നിർദ്ദേശപ്രകാരം പ്രത്യേകം തയ്യാറാക്കിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തയ്യാറാക്കുന്ന എൻട്രി പ്രകാരമാണ് കേരള ടെക്നിക്കൽ ഹൈസ്കൂൾ ശാസ്ത്ര-സാങ്കേതിക മേളയുടെ സംസ്ഥാനതല മത്സരം നടത്തേണ്ടത്.
- പ്രവർത്തന മാതൃക (Working Model), നിശ്ചല മാതൃക (Still Model) മത്സരങ്ങൾക്ക് രണ്ട് കുട്ടികൾ അടങ്ങിയ ഒരു ടീം ആയി വേണം മാതൃക പ്രദർശിപ്പിക്കേണ്ടത്. മത്സരാർത്ഥികൾ അവരുടെ എക്സിബിറ്റിനെ കുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കി മത്സര സമയത്ത് നൽകേണ്ടതാണ്. വിവരണത്തോടൊപ്പം ഫോട്ടോകളും ഉൾപ്പെടുത്താവുന്നതാണ്.
- മത്സരങ്ങളിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾ അവരുടെ ഉൽപ്പന്നങ്ങൾ അനുവദിക്കപ്പെട്ട സ്റ്റാളിൽ പ്രദർശിപ്പിക്കേണ്ടതാണ്. പൊതുജനങ്ങൾക്ക് സ്റ്റാളുകൾ സന്ദർശിക്കുന്നതിനുള്ള അവസരം ഒരുക്കുന്നതാണ്. പ്രദർശന മത്സരത്തിൽ വിജയികളാകുന്ന സ്കൂളുകൾക്ക് ട്രോഫികൾ നൽകുന്നതാണ്.
- തത്സമയ, പ്രവർത്തനമാതൃക, നിശ്ചലമാതൃക മത്സരങ്ങളിൽ പങ്കെടുക്കുന്ന കുട്ടികൾ വേണം പ്രദർശനമത്സരത്തിനും പങ്കെടുക്കേണ്ടത്. ഇതിനായി പുതിയ മത്സരാർത്ഥികളെ അനുവദിക്കുന്നതല്ല

- കേരള ടെക്നിക്കൽ ഹൈസ്കൂൾ ശാസ്ത്ര-സാങ്കേതിക മേള പൂർണ്ണമായും ഹരിതപെരുമാറ്റ ചട്ടത്തിനു വിധേയമായിട്ടായിരിക്കണം നടത്തേണ്ടത്.
- മേളയുടെ നടത്തിപ്പിനായി ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നുള്ള 07/10/2017 തീയതിയിലെ സ.ഉ.(സാധാ)നം.1789/2017/ഉ.വി.വ ഉത്തരവ് പ്രകാരം അനുവദനീയമായ തുക ഡവലപ്മെന്റ് ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.
- കേരള ടെക്നിക്കൽ ഹൈസ്കൂൾ ശാസ്ത്ര-സാങ്കേതിക മേള നടത്തിപ്പുമായി ബന്ധപ്പെട്ട കൊടുക്കൽ വാങ്ങലുകൾ/കരാറുകൾ എന്നിവ ജനറൽ കൺവീനർ സ്റ്റോർ പർച്ചേസ് നിയമങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിധേയമായി ചെയ്യേണ്ടതാണ്.
- അപമര്യാദയായും അച്ചടക്കമില്ലാതെയും പ്രകോപനപരമായും പ്രവർത്തിച്ച് മേള അലങ്കോലമാക്കാൻ ശ്രമിക്കുന്ന വിദ്യാർത്ഥികൾ, അദ്ധ്യാപകർ ഉൾപ്പെടെയുള്ളവർക്കെതിരെ അയോഗ്യത കൽപ്പിക്കൽ അടക്കമുള്ള ഉചിതമായ ശിക്ഷാനടപടി കൈക്കൊള്ളുന്നതാണ്. കൂടാതെ വകുപ്പ്തല നടപടിയും സ്വീകരിക്കുന്നതാണ്.
- സ്കൂൾതലം മുതൽ സംസ്ഥാനതലം വരെയുള്ള മത്സരങ്ങളിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഒരുക്കുവാൻ `സംഘാടകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1.3 മൂല്യനിർണ്ണയം - പൊതുനിർദ്ദേശങ്ങൾ

- മത്സരങ്ങൾ വിലയിരുത്തുന്നതിന് നിഷ്പക്ഷമതികളും പ്രഗത്ഭരും യോഗ്യരുമായ വ്യക്തികളെ വിധികർത്താക്കൾ ആയി നിയമിക്കണം. മത്സരത്തിൽ പങ്കെടുക്കുന്ന സ്കൂളുകളിലെ അദ്ധ്യാപകർ, ജീവനക്കാർ, മത്സരാർത്ഥികളുടെ ബന്ധുക്കൾ എന്നിവർ വിധികർത്താക്കളാകാൻ പാടില്ല.
- സംസ്ഥാനതലത്തിൽ വിധികർത്താക്കളുടെ പാനൽ തയ്യാറാക്കുന്നത് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേർസ് ട്രെയിനിംഗ് ആൻഡ് റിസർച്ച് (SITTTR) ആയിരിക്കും.

- മത്സരത്തിൽ അറുപത് ശതമാനത്തിൽ താഴെ മാർക്ക് ലഭിക്കുന്ന ഇനങ്ങളെ ഗ്രേഡ് ചെയ്യുന്നതല്ല. അറുപത് ശതമാനമോ അതിലധികമോ മാർക്കുകിട്ടുന്ന ഇനങ്ങളെ മൂന്നു ഗ്രേഡുകളായി തിരിക്കുന്നതാണ്. ഗ്രേഡിംഗ് മാനദണ്ഡങ്ങളും ലഭിക്കുന്ന പോയിന്റുകളും ചുവടെ ചേർക്കുന്നു.

| **മാർക്ക് ശതമാനം** | **ഗ്രേഡ്** | **ലഭിക്കുന്ന പോയിന്റ്** |
|---|---|---|
| 80% മോ അതിലധികമോ | എ | 5 |
| 70% മുതൽ 79% വരെ | ബി | 3 |
| 60% മുതൽ 69% വരെ | സി | 1 |

- ഗ്രേഡുകൾ നേടുന്ന മത്സരാർത്ഥികൾക്ക് സ്കൂൾതലം മുതൽ സർട്ടിഫിക്കറ്റുകൾ നൽകേണ്ടതാണ്.

# അധ്യായം 2
# നടത്തിപ്പ്

കേരള ടെക്നിക്കൽ ഹൈസ്കൂൾ ശാസ്ത്ര-സാങ്കേതിക മേളയുടെ നടത്തിപ്പിന് ആവശ്യമായ നിർദ്ദേശങ്ങൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നൽകുന്നതാണ്.

## 2.1 സ്കൂൾതലം

- സംസ്ഥാനത്തെ എല്ലാ ടെക്നിക്കൽ ഹൈസ്കൂളുകളിലേയും 8 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് അതത് സ്കൂളുകളിൽ നടക്കുന്ന സ്കൂൾതല ശാസ്ത്ര സാങ്കേതിക മേളയിൽ പങ്കെടുക്കാം.
- സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേർസ് ട്രെയിനിംഗ് ആൻഡ് റിസർച്ച് (SITTTR)-ന്റെ നിബന്ധനകൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി കാലാകാലങ്ങളിൽ നിർദ്ദേശിക്കപ്പെടുന്ന വിഷയത്തെ അടിസ്ഥാനമാക്കിയായിരിക്കും മേള നടത്തുന്നത്.
- ഓരോ സ്കൂളിലെയും ശാസ്ത്ര, ഗണിതശാസ്ത്ര, ഐ.ടി. ക്ലബ്ബുകളുടെ ആഭിമുഖ്യത്തിലായിരിക്കണം സ്കൂൾതല മേളകൾ സംഘടിപ്പിക്കേണ്ടത്.

- സ്കൂൾതല ശാസ്ത്ര-സാങ്കേതിക മേള ഒരു ദിവസം കൊണ്ട് പൂർത്തിയാക്കേണ്ടതാണ്. സ്കൂളിലെ എല്ലാ വിദ്യാർത്ഥികൾക്കും സ്കൂൾതല മത്സരത്തിൽ പങ്കെടുക്കാൻ അവസരം ഒരുക്കേണ്ടതാണ്.
- സ്കൂൾതല മേളയിൽ ഓരോ ഇനങ്ങളിലും എ ഗ്രേഡോടെ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന അർഹരായ മത്സരാർത്ഥികളെയാണ് സംസ്ഥാനതല മത്സരത്തിൽ പങ്കെടുപ്പിക്കേണ്ടത്.
- ഏതെങ്കിലും ഇനത്തിൽ എ ഗ്രേഡോടുകൂടി ഒന്നാം സ്ഥാനത്ത് ആരും അർഹാരായിട്ടില്ലെങ്കിൽ ആയിനത്തിൽ സംസ്ഥാനതലത്തിൽ മത്സരത്തിന് അയക്കേണ്ടതില്ല.
- ഏതെങ്കിലും മത്സരയിനത്തിൽ ഒരു കുട്ടി മാത്രമേ ഉള്ളൂവെങ്കിൽ കുട്ടിയുടെ പ്രകടനം വിലയിരുത്തി എ ഗ്രേഡിന് അർഹതയുണ്ടെങ്കിൽ മാത്രം സംസ്ഥാനതലത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്.

### 2.1.1 സ്കൂൾതല സംഘാടനം

സ്കൂൾതല മേളയുടെ സുഗമമായ നടത്തിപ്പിന് താഴെ പറയുന്ന തരത്തിൽ സംഘാടക സമിതി രൂപീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| ചെയർമാൻ | - | ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ട് |
| വൈസ് ചെയർമാൻ | - | പി.റ്റി.എ വൈസ് പ്രസിഡന്റ് |
| ജനറൽ കൺവീനർ | - | വർക്ക്ഷോപ്പ് ഫോർമാൻ |
| ജോയിന്റ് ജനറൽ കൺവീനർമാർ | - | എഞ്ചിനീയറിംഗ് ഇൻസ്ട്രക്ടർ<br>ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-I |
| ജോയിന്റ് കൺവീനർമാർ | - | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-II,<br>വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ,<br>സ്കൂൾ ഐ.ടി.കോർഡിനേറ്റർ |
| അംഗങ്ങൾ | - | എല്ലാ അദ്ധ്യാപകരും, പി.റ്റി.എ,<br>മദർ പി.റ്റി.എ, എസ്.എം.സി<br>കമ്മറ്റി അംഗങ്ങൾ, സ്കൂൾ ലീഡർ |

### 2.1.2 സ്കൂൾതല ധനസമാഹരണം

മേളയുടെ നടത്തിപ്പിന് ആവശ്യമായ ഫണ്ട് താഴെ പറയുന്ന രീതിയിൽ സമാഹരിക്കാവുന്നതാണ്.

- കുട്ടികളിൽ നിന്നും സ്പെഷ്യൽ ഫീസ് ഇനത്തിൽ വാങ്ങി പി.ഡി. അക്കൌണ്ടിൽ നിക്ഷേപിച്ചിട്ടുള്ള തുകയിൽ നിന്നും സംസ്ഥാനമേളക്ക് അടയ്ക്കാനുള്ള സ്ഥാപനവിഹിതം കിഴിച്ചുള്ള തുക.
- പി.റ്റി.എ. സംഭാവന.
- പൊതുജനങ്ങളുടെ സംഭാവന.

### 2.1.3 സ്കൂൾതല അപ്പീൽ കമ്മിറ്റി

സ്കൂൾ മേളയിലുണ്ടാകുന്ന പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിൽ സൂപ്രണ്ട്, എഞ്ചിനിയറിംഗ് ഇൻസ്ട്രക്ടർ, വർക്ക്ഷോപ്പ് ഫോർമാൻ, ഡ്രാഫ്ട്സ്മാൻ ഗ്രേഡ്-I, അതാത് വിഷയത്തിലെ പ്രഗത്ഭനായ ഒരാൾ എന്നിവരുൾപ്പെടുന്ന ഒരു അപ്പീൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഫലപ്രഖ്യാപനം കഴിഞ്ഞ് അര മണിക്കൂറിനുള്ളിൽ നിർദ്ദിഷ്ട ഫാറത്തിൽ പരാതികൾ അപ്പീൽ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. സ്കൂൾതല അപ്പീലിന് ഫീസ് ഉണ്ടായിരിക്കുന്നതല്ല. അപ്പീൽ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

## 2.2 സംസ്ഥാനതലം

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേർസ് ട്രെയിനിംഗ് ആൻഡ് റിസർച്ച് (SITTTR)-ന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനതല മേള നടത്തുന്നതാണ്. സംസ്ഥാനതല മേള/ മത്സരം 2 ദിവസമായിരിക്കും. മേള നടത്തുന്ന സ്ഥലം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ അറിവോടെ SITTTR ജോയിന്റ് ഡയറക്ടർ സൂപ്രണ്ടുമാരുടെ മീറ്റിംഗിൽ തീരുമാനിക്കുന്നതാണ്.

.

### 2.2.1 സംസ്ഥാനതല സംഘാടനം

- മേള നടത്തുന്ന സ്ഥലം സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ അറിവോടെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേർസ് ട്രെയിനിംഗ് ആൻഡ് റിസർച്ച് (SITTTR) ജോയിന്റ് ഡയറക്ടർ സൂപ്രണ്ടുമാരുടെ മീറ്റിംഗിൽ തീരുമാനിക്കുന്നതാണ്.
- സംസ്ഥാനത്തെ എല്ലാ ടെക്നിക്കൽ ഹൈസ്കൂളിൽ നിന്നും വിദ്യാർത്ഥി/ വിദ്യാർത്ഥിനികൾ മേളയിൽ പങ്കെടുക്കേണ്ടതാണ്.
- സ്കൂൾതല മത്സരത്തിൽ ‘എ’ ഗ്രേഡോടെ ഒന്നാം സ്ഥാനം കരസ്ഥമാക്കുന്ന വിദ്യാർത്ഥികളെ മാത്രമേ സംസ്ഥാനതല മത്സരത്തിൽ പങ്കെടുപ്പിക്കാവൂ. ഒരു സ്കൂളിൽ നിന്നും പരമാവധി 16 വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം.
- ഒരു സ്കൂളിൽ നിന്നും ടീം മാനേജരെ കൂടാതെ 2 എസ്കോർട്ടിംഗ് അദ്ധ്യാപകർ ഉണ്ടായിരിക്കണം. പെൺകുട്ടികൾക്ക് ഒരു വനിത എസ്കോർട്ടിംഗ് സ്റ്റാഫ് നിർബന്ധമായും ഉണ്ടായിരിക്കണം.
- മൂല്യ നിർണ്ണയത്തിനാവശ്യമായ ക്രമീകരണം സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേർസ് ട്രെയിനിംഗ് ആൻഡ് റിസർച്ച് (SITTTR) നടത്തുന്നതാണ്.
- ഓരോ ഇനത്തിനും ആദ്യത്തെ ഒന്നാം സ്ഥാനക്കാർക്ക് എവർ റോളിംഗ് ട്രോഫിയും, ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് വ്യക്തിഗത ട്രോഫിയും, മെരിറ്റ് സർട്ടിഫിക്കറ്റും, ക്യാഷ് അവാർഡും നൽകുന്നതാണ്.
- സംസ്ഥാനതല മത്സരത്തിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ എൻട്രി ഫാറം ഓൺലൈനിൽ പൂരിപ്പിച്ച് നിശ്ചിത സമയത്തിനുള്ളിൽ നൽകേണ്ടതാണ്. പകർപ്പ് തപാൽ മുഖേന അയക്കേണ്ടതാണ്.
- സ്കൂൾ സൂപ്രണ്ട് സാക്ഷ്യപ്പെടുത്തിയ നിശ്ചിത മാതൃകയിലുള്ള തിരിച്ചറിയൽ സർട്ടിഫിക്കറ്റും മത്സരാർത്ഥികൾ കൊണ്ട് വരേണ്ടതാണ്.

### 2.2.2 സംസ്ഥാനതല സംഘാടന സമിതി

മേളയുടെ സുഗമമായ നടത്തിപ്പിന് താഴെ പറയുന്ന രീതിയിലുള്ള സംഘാടക സമിതി രൂപീകരിക്കേണ്ടതാണ്.

| | | |
|---|---|---|
| മുഖ്യരക്ഷാധികാരികൾ | - | ബഹു. കേരളാ ഗവർണ്ണർ<br>ബഹു. കേരളാ മുഖ്യമന്ത്രി<br>ബഹു. കേരളാ ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി<br>ബഹു. നിയമസഭയിലെ പ്രതിപക്ഷ നേതാവ്<br>മേള നടക്കുന്ന ജില്ലയിൽ നിന്നുള്ള മന്ത്രിമാർ |
| രക്ഷാധികാരികൾ<br>` | - | മേള നടക്കുന്ന ജില്ലയിലെ എല്ലാ എം.പി.മാരും എം.എൽ.എ. മാരും, മേയർ, ജില്ലാപഞ്ചായത്ത് പ്രസിഡണ്ട്, മുനിസിപ്പൽ ചെയർമാൻ,<br>സീനിയർ ജോയിന്റ് ഡയറക്ടർ (പി. എസ്സ്)<br>റീജിയണൽ ജോയിന്റ് ഡയറക്ടർ |
| ചെയർമാൻ | - | സ്ഥലം എം.എൽ.എ. |
| വൈസ് ചെയർമാൻ | - | മേള നടക്കുന്ന സ്ഥലത്തെ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ/ മുൻസിപ്പൽ വൈസ്ചെയർമാൻ/ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്/ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ. |
| ജനറൽ കോ-ഓർഡിനേറ്റർ | - | ജോയിന്റ് ഡയറക്ടർ, SITTTR |
| ജോയിന്റ് ജനറൽ കോ-ഓർഡിനേറ്റർ | - | ഡെപ്യൂട്ടി ഡയറക്ടർ, SITTTR<br>ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ) |
| ജനറൽ കൺവീനർ | - | സംസ്ഥാന മേള നടക്കുന്ന സ്കൂളിലെ ടി.എച്ച്.എസ്. സൂപ്രണ്ട്. |
| അംഗങ്ങൾ | - | ജനപ്രതിനിധികൾ, എല്ലാ സബ് കമ്മിറ്റികളുടെയും ചെയർമാന്മാരും, കൺവീനർമാരും, ടെക്നിക്കൽ ഹൈസ്കൂൾ സൂപ്രണ്ടുമാർ, മേള നടക്കുന്ന സ്കൂളിലെ പി.ടി.എ പ്രസിഡന്റ്, മദർ പി.ടി.എ. പ്രസിഡന്റ്, സ്റ്റാഫ് അംഗങ്ങൾ, പി.ടി.എ നിർവ്വാഹക സമിതി അംഗങ്ങൾ, സാമൂഹിക പ്രവർത്തകർ തുടങ്ങിയവർ. |

### 2.2.3 നിർവ്വാഹക സമിതി

| | | |
|---|---|---|
| ചെയർമാൻ | - | സ്ഥലം എം.എൽ.എ. |
| വൈസ് ചെയർമാൻ | - | മേള നടക്കുന്ന സ്ഥലത്തെ കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ/ മുൻസിപ്പൽ വൈസ്ചെയർമാൻ/ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്/ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ. |
| ജനറൽ കോ-ഓർഡിനേറ്റർ | - | ജോയിന്റ് ഡയറക്ടർ, SITTTR |
| ജോയിന്റ് ജനറൽ കോ-ഓർഡിനേറ്റർ | - | ഡെപ്യൂട്ടി ഡയറക്ടർ, SITTTR<br>ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ) |
| ജനറൽ കൺവീനർ | - | സംസ്ഥാന മേള നടക്കുന്ന സ്കൂളിലെ ടി.എച്ച്.എസ്. സൂപ്രണ്ട്. |
| അംഗങ്ങൾ | - | എല്ലാ സബ് കമ്മിറ്റികളുടെയും ചെയർമാന്മാരും, കൺവീനർമാരും |

### 2.2.4 സംസ്ഥാനതല ധനസമാഹരണം

മേളയുടെ സുഗമമായ നടത്തിപ്പിനായി പൊതുജനങ്ങളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും സംഭാവനകൾ സ്വീകരിക്കാവുന്നതാണ്. ഇത്തരത്തിൽ ലഭിക്കുന്ന വരവ് ചിലവു കണക്കുകൾ ഓഡിറ്റിന് വിധേയമായിരിക്കും.

സംസ്ഥാനത്തെ എല്ലാ സർക്കാർ ടെക്നിക്കൽ ഹൈസ്കൂളുകളിൽ നിന്നും ഐ.എച്ച്.ആർ.ഡി ടെക്നിക്കൽ സ്കൂളുകളിൽ നിന്നും സ്കൂൾ വിഹിതം, വിദ്യാർത്ഥി വിഹിതം എന്നിങ്ങനെ താഴെ പറയും പ്രകാരം ഫണ്ട് സ്വരൂപിക്കാവുന്നതാണ്.

| | |
|---|---|
| സ്കൂൾ വിഹിതം (പി.ഡി.) | Rs.1000/- വീതം എല്ലാ സ്കൂളിൽ നിന്നും |
| പി.ടി.എ വിഹിതം | Rs.70/- വീതം എല്ലാ കുട്ടികളിൽ നിന്നും |

### 2.2.5 സർക്കാർ വിഹിതം

സംസ്ഥാന ടെക്നിക്കൽ ഹൈസ്കൂൾ ശാസ്ത്ര-സാങ്കേതിക മേളയുടെ നടത്തിപ്പിനായി ഡവലപ്മെന്റ് ഫണ്ടിൽ നിന്നും 20% തുക വിനിയോഗിക്കുന്നതിന് *07/10/2017* തീയതിയിലെ ***G.O.(Rt) No.1789/2017/HEdn -ാം*** നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി ലഭ്യമായിട്ടുണ്ട്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേർസ് ട്രെയിനിംഗ് ആൻഡ് റിസർച്ച് (SITTTR)-ന്റെ നിർദ്ദേശങ്ങൾക്കും അനുമതിക്കും വിധേയമായി താഴെപറയുന്ന കാര്യങ്ങൾക്കായി ടി വിഹിതം വിനിയോഗിക്കാവുന്നതാണ്.

- മേളയുടെ നടത്തിപ്പിന് അത്യന്താപേക്ഷിതമായ വെബ്സൈറ്റ് ഒരുക്കുന്നതിന്.
- ഫോമുകൾ, സർട്ടിഫിക്കറ്റുകൾ എന്നിവയുടെ പ്രിന്റിംഗിനായി. **(എന്ട്രി ഫോമുകൾ, അപ്പീലുമായി ബന്ധപ്പെട്ട ഫോമുകൾ, മൂല്യനിർണ്ണയത്തിനാവശ്യമായ ഷീറ്റുകൾ, മെരിറ്റ് സർട്ടിഫിക്കറ്റുകൾ, പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ)**
- പ്രദർശന മത്സരത്തിനാവശ്യമായ സ്റ്റാളുകൾ, പവലിയനുകൾ എന്നിവ ഒരുക്കുന്നതിന്.
- സംസ്ഥാന തല മത്സരങ്ങളിൽ വിജയിച്ച് ആദ്യ മൂന്നു സ്ഥാനങ്ങളിൽ എത്തുന്ന മത്സരാർത്ഥികൾക്ക് നൽകുന്നതിനായുള്ള ട്രോഫികൾ, മൊമെന്റൊകൾ എന്നിവ തയ്യാറാക്കുന്നതിന്. **(16 എണ്ണം വീതം ആകെ 48 പേർക്ക്)**
- സംസ്ഥാന തല മത്സരങ്ങളിൽ വിജയിച്ച് ആദ്യ മൂന്നു സ്ഥാനങ്ങളിൽ എത്തുന്ന മത്സരാർത്ഥികൾക്ക് കാഷ് അവാർഡ് **(16 എണ്ണം വീതം ആകെ 48 പേർക്ക്)** നൽകുന്നതിന്.

| | |
|---|---|
| **ഒന്നാം സ്ഥാനം** | **Rs.1000/- (ആയിരം രൂപ)** |
| **രണ്ടാം സ്ഥാനം** | **Rs.800/- (എണ്ണൂറ് രൂപ)** |
| **മൂന്നാം സ്ഥാനം** | **Rs.600/- (അറുന്നൂറ് രൂപ)** |

- വിധികർത്താക്കൾക്ക് അർഹമായ ഓണറേറിയം, യാത്രാപ്പടി എന്നിവ നൽകുന്നതിനും താമസ സൗകര്യം ഒരുക്കുന്നതിനും (**റിസർവ് ഉൾപ്പെടെ 50 പേർക്ക്**).
- മേളയുടെ നടത്തിപ്പിനായി എത്തുന്ന ഒഫീഷ്യൽസിന് അർഹമായ യാത്രാപ്പടി നൽകുന്നതിനും താമസ സൗകര്യം ഒരുക്കുന്നതിനും.
- ടീം മാനേജർമാർ, എസ്കോർട്ടിംഗ് സ്റ്റാഫ് എന്നിവർക്ക് അർഹമായ യാത്രാപ്പടി നൽകുന്നതിനും താമസ സൗകര്യം ഒരുക്കുന്നതിനും.

# അധ്യായം 3
# കമ്മിറ്റികൾ, ചുമതലകൾ

## 3.1 സംഘാടക സമിതി

സംസ്ഥാനമേളയുടെ പൂർണ്ണ ഉത്തരവാദിത്വം വഹിക്കേണ്ടത് സംഘാടക സമിതിയാണ്. മേളയുടെ നടത്തിപ്പിന് ആവശ്യമായിട്ടുള്ള ബഡ്ജറ്റ് തയ്യാറാക്കേണ്ടതും, വിവിധ സബ് കമ്മിറ്റികൾക്ക് വേണ്ട തുക അനുവദിക്കേണ്ടതും, സംസ്ഥാനമേളയുടെ ഫിനാൻസ് കമ്മിറ്റി തയ്യാറാക്കുന്ന വരവു ചിലവുകൾ ചർച്ച ചെയ്ത് അംഗീകരിക്കേണ്ടതും, വിവിധ സബ് കമ്മിറ്റികളെ ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കേണ്ടതും ഈ സമിതിയാണ്.

മേളയുടെ സുഗമമായ നടത്തിപ്പിന് താഴെ പറയുന്ന സബ് കമ്മിറ്റികൾ രൂപീകരിക്കേണ്ടതാണ്. ചെയർമാൻ, വൈസ് ചെയർമാൻ, കൺവീനർ, ജോയിന്റ് കൺവീനർ, അംഗങ്ങൾ ഇപ്രകാരമാണ് സബ് കമ്മിറ്റിയുടെ ഘടന. സബ് കമ്മിറ്റികളുടെ ചെയർമാൻമാർ ജനപ്രതിനിധികളും കൺവീനർമാർ വിവിധ ടെക്നിക്കൽ ഹൈസ്കൂളിലെ സൂപ്രണ്ടുമാരും ആയിരിക്കും.

## 3.2 ധനകാര്യ കമ്മിറ്റി

മേളയുടെ ജനറൽ കൺവീനർ ഈ കമ്മിറ്റിയുടെ കൺവീനർ ആയിരിക്കും. വിവിധ സബ് കമ്മിറ്റികൾ സമർപ്പിക്കുന്ന ബഡ്ജറ്റ് വിശദമായി പരിശോധിച്ച് ധനകാര്യ കമ്മിറ്റിയുടെ ശുപാർശയോടെ സംഘാടകസമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്. മുൻകൂട്ടി കാണാൻ കഴിയാത്ത അപ്രതീക്ഷിത ചെലവുകൾ കൺവീനർ നിർവ്വഹിക്കുകയും പിന്നീട് ധനകാര്യ കമ്മിറ്റിയുടെ അംഗീകാരം നേടേണ്ടതുമാണ്. മേള കഴിഞ്ഞാൽ സബ്കമ്മിറ്റി കൺവീനർമാർ നൽകുന്ന കണക്കുകൾ ക്രോഡീകരിച്ച് വരവുചെലവു കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതിന് ജനറൽ കൺവീനറെ സഹായിക്കുക എന്നതും ധനകാര്യ കമ്മിറ്റിയുടെ ചുമതലയാണ്. ഓഡിറ്റ് ചെയ്ത് കണക്കുകൾ സംഘാടകസമിതിയിൽ സമർപ്പിച്ച് രണ്ട് മാസത്തിനകം അംഗീകാരം നേടിയിരിക്കണം.

## 3.3 പ്രോഗ്രാം കമ്മിറ്റി

മത്സരങ്ങൾ കുറ്റമറ്റ രീതിയിൽ നടത്തുക എന്ന ഉത്തരവാദിത്വമുള്ള ജോലിയാണ് പ്രോഗ്രാം കമ്മിറ്റിക്കുള്ളത്. രജിസ്റ്റർ ചെയ്ത മത്സരാർത്ഥികളുടെ പട്ടിക മേള തുടങ്ങുന്നതിന് മുൻപ് പരിശോധിച്ച് തെറ്റുകളോ കുറവുകളോ ഉണ്ടെങ്കിൽ അവ പരിഹരിച്ച് മത്സരിക്കുന്നവരുടെ അന്തിമപട്ടിക തയ്യാറാക്കുക, ഓരോ ഇനത്തിലും മത്സരിക്കുന്നവരുടെ പട്ടിക തയ്യാറാക്കുക, ഓരോ മത്സരത്തിനും ആവശ്യമായ സ്കോർ ഷീറ്റ് ടൈം ,ഷീറ്റ്, ടാബുലേഷൻ ഷീറ്റ്, സ്കോർ ബോർഡ് മുതലായവ ക്രമീകരിക്കുക, മത്സരങ്ങൾ നടത്തുന്ന തിനുള്ള വിശദമായ കാര്യപരിപാടി (Program chart), മത്സരത്തിൽ പങ്കെടുക്കു ന്നവർക്ക് നൽകാനുള്ള കോഡ് നമ്പറുകൾ, നിർദ്ദേശങ്ങൾ നൽകുന്ന പത്രിക എന്നിവ തയ്യാറാക്കുക, മത്സരങ്ങളുടെ സുഗമമായ നടത്തിപ്പിനാവശ്യമായ അദ്ധ്യാപകരെ നിയോഗിച്ച് അവരുടെ ചുമതല നിശ്ചയിച്ചു നൽകുക എന്നിവയെല്ലാം പ്രോഗ്രാം കമ്മിറ്റിയുടെ ചുമതലയാണ്.

മത്സരിക്കുന്നവർക്ക് കോഡ്നമ്പരുകൾ യഥാസമയം നൽകുക, വിവിധ വേദികളിൽ അറിയിപ്പ് നൽകുക, ഓരോ മത്സരത്തിന്റെയും സമയം

ആസൂത്രണം ചെയ്തതുപോലെ കൃത്യമായി പാലിക്കുക, മത്സരാർത്ഥികളെ യഥാസ്ഥലങ്ങളിൽ ഹാജരാക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുക, മത്സരാർത്ഥികൾ കൃത്യസമയത്ത് ഹാജരാകാത്ത പക്ഷം അവർക്ക് അയോഗ്യത കൽപ്പിക്കുക, മത്സരയിനങ്ങളെ സംബന്ധിച്ച നിയമങ്ങളും നിബന്ധനകളും മത്സരം തുടങ്ങുന്നതിനുമുൻപ് വേദിയിൽ പ്രഖ്യാപിക്കുക എന്നിവയും പ്രോഗ്രാം കമ്മിറ്റിയുടെ ചുമതലയിൽപ്പെടുന്നു. ഓരോ മത്സരവും ആരംഭിക്കുന്നതിനുമുമ്പ് വേദികളുടെ ക്രമീകരണം, ഇലക്ട്രിക്കൽ സംവിധാനങ്ങൾ, ആവശ്യമായ മറ്റ് ഉപകരണങ്ങൾ, ഫർണിച്ചറുകൾ എന്നിവയുടെ കുറ്റമറ്റ സജ്ജീകരണം ഉറപ്പുവരുത്തേണ്ടതാണ്.

വിധികർത്താക്കൾക്ക് സ്കോർ ഷീറ്റുകളും റിമാർക്ക് ഷീറ്റുകളും യഥാസമയം നൽകുക, അവരുടെ ബയോഡേറ്റ, സത്യവാങ്മൂലം എന്നിവ വാങ്ങി സൂക്ഷിക്കുക, അവർക്ക് മത്സരങ്ങൾ വിലയിരുത്തുന്നതിന് ആവശ്യമായ സൗകര്യം ഏർപ്പെടുത്തുക, അവരുടെ ഭക്ഷണം, കുടിവെള്ളം തുടങ്ങിയ കാര്യങ്ങൾ ശ്രദ്ധിക്കുക എന്നിവയും പ്രോഗ്രാം കമ്മിറ്റിയുടെ ചുമതലയാണ്.

മത്സരം കഴിഞ്ഞാലുടൻ സ്കോർ ഷീറ്റ്, റിമാർക്സ് ഷീറ്റ്, ടാബുലേഷൻ ഷീറ്റ് എന്നിവ ശേഖരിക്കുക, റിസൾട്ട് തയ്യാറാക്കുന്നതിനും അപ് ലോഡ് ചെയ്യുന്നതിനുമുള്ള ക്രമീകരണങ്ങൾ ഒരുക്കുക, സ്കോർ ബോർഡിൽ യഥാസമയം പോയിന്റുകൾ രേഖപ്പെടുത്തുക, ട്രോഫി കമ്മിറ്റിക്കും പ്രചാരണ കമ്മിറ്റിക്കും ആവശ്യമായ മത്സരഫലങ്ങൾ നൽകുക എന്നിവയും പ്രോഗ്രാം കമ്മിറ്റിയുടെ ചുമതലയാണ്.

മേള നടക്കുന്ന സ്ഥലത്ത് ഇന്റർനെറ്റ് കണക്ഷനോടുള്ള കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സജ്ജീകരിക്കേണ്ടതാണ്. സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്ത് വിതരണത്തിനായി ട്രോഫി കമ്മിറ്റിക്ക് നൽകേണ്ടതും മത്സര വിജയികളുടെ പൂർണ്ണവിവരങ്ങൾ അടങ്ങിയ പട്ടിക സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേർസ് ട്രെയിനിംഗ് ആൻഡ് റിസർച്ച് (SITTTR)- ന് നൽകുന്നതിനായി ജനറൽ കൺവീനറെ ഏൽപ്പിക്കേണ്ടതുമാണ്. മത്സരങ്ങളുടെ വീഡിയോ റിക്കോർഡിംഗ് ചെയ്യേണ്ടതാണ്.

## 3.4 സ്വീകരണ കമ്മിറ്റി

മേളയുടെ ഉദ്ഘാടനം, സമാപനം തുടങ്ങിയ പ്രധാന ചടങ്ങുകൾക്ക് ക്ഷണിക്കേണ്ട വ്യക്തികളുടെ പട്ടിക തയ്യാറാക്കുക, ക്ഷണിക്കുക, പ്രോട്ടോക്കോൾ അനുസരിച്ച് ക്ഷണക്കത്തുകൾ അച്ചടിച്ച് വിതരണം ചെയ്യുക, അതിഥികളേയും വിധികർത്താക്കളെയും വിവിധ സ്കൂളുകളിൽ നിന്നും വരുന്ന വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും വേണ്ട രീതിയിൽ സ്വീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് സ്വീകരണകമ്മിറ്റി നിർവ്വഹിക്കേണ്ടത്.

## 3.5 രജിസ്ട്രേഷൻ കമ്മിറ്റി

വിവിധ സ്കൂളുകളിൽ നിന്നും വരുന്ന ടീമുകളെ രജിസ്റ്റർ ചെയ്യുകയും അവരെ അക്കോമഡേഷൻ സമിതിക്ക് ഏൽപ്പിച്ച് കൊടുക്കുകയും ചെയ്യുക, അതാതു സമയത്ത് ആവശ്യമായ ഭക്ഷണ കൂപ്പണുകൾ ടീം മാനേജർക്ക് നൽകുക, ബാഡ്ജുകളും രജിസ്ട്രേഷൻ കാർഡുകളും തയ്യാറാക്കി വിതരണം ചെയ്യുക, മുൻവർഷം ലഭിച്ച ട്രോഫികൾ തിരിച്ചു നൽകിയതിന്റെ സർട്ടിഫിക്കറ്റ് ട്രോഫി കമ്മിറ്റി കൺവീനറിൽ നിന്നു വാങ്ങി ടീം മാനേജർ രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക തുടങ്ങിയ പ്രവർത്തനങ്ങളാണ് രജിസ്ട്രേഷൻകമ്മിറ്റി നിർവ്വഹിക്കേണ്ടത്.

## 3.6 അക്കോമഡേഷൻ കമ്മിറ്റി

രജിസ്ട്രേഷൻ കമ്മിറ്റിയുമായി സഹകരിച്ച് പ്രവർത്തിക്കേണ്ട കമ്മിറ്റിയാണിത്. വിവിധ സ്കൂളുകളിൽ നിന്നും എത്തി രജിസ്ട്രേഷൻ കഴിയുന്നവർക്ക് താമസസ്ഥലം നിശ്ചയിച്ചു നൽകുന്നത് ഈ കമ്മിറ്റിയുടെ ചുമതലയാണ്. വെള്ളം, വെളിച്ചം, കുളിമുറി, ശുചിമുറി തുടങ്ങിയവ വിദ്യാർത്ഥികൾ താമസിക്കുന്ന സ്ഥലത്ത് ആവശ്യാനുസരണം ഏർപ്പെടുത്തേണ്ടതാണ്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും സുരക്ഷിതമായ പ്രത്യേകം താമസസൗകര്യം ഏർപ്പെടുത്തണം. വിധി കർത്താക്കൾ, അതിഥികൾ, ഒഫീഷ്യൽസ് എന്നിവർക്ക് താമസസൗകര്യം

ഒരുക്കുന്നതിനായി മുൻകൂട്ടി മുറികൾ ബുക്ക് ചെയ്യുക എന്നതും ഈ കമ്മിറ്റിയുടെ ചുമതലയാണ്.

## 3.7 ഭക്ഷണ കമ്മിറ്റി

മത്സരങ്ങളിൽ പങ്കെടുക്കാനായി വരുന്ന വിദ്യാർത്ഥികൾ, അദ്ധ്യാപകർ, ഒഫീഷ്യലുകൾ, സംഘാടകസമിതി അംഗങ്ങൾ, സന്നദ്ധസേവകർ, മാധ്യമ പ്രതിനിധികൾ തുടങ്ങിയവർക്ക് ഭക്ഷണം നൽകുക എന്നതാണ് കമ്മിറ്റിയുടെ പ്രധാന ചുമതല. മൂല്യനിർണ്ണയ ദിവസം അതാത് സ്റ്റാളുകളിൽ ഭക്ഷണം നൽകേണ്ടതാണ്. തത്സമയ മത്സരാർത്ഥികൾക്ക് ആവശ്യമായ ഭക്ഷണപൊതികൾ മത്സരവേദിയിൽ നിർബന്ധമായും നൽകിയിരിക്കണം.

## 3.8 പ്രദർശന കമ്മിറ്റി

പ്രദർശന മത്സരത്തിന് വേണ്ട എല്ലാ സൗകര്യങ്ങളും മേള നടക്കുന്ന സ്കൂളിൽ ചെയ്തു കൊടുക്കണം. സ്കൂൾ അടിസ്ഥാനത്തിൽ പ്രദർശന മത്സരം സംഘടിപ്പിക്കാവുന്നതാണ്. വിവിധ സ്കൂളുകളിൽ നിന്നും കൊണ്ടുവന്ന മത്സര/പ്രദർശന വസ്തുക്കളുടെ സുരക്ഷിതത്വവും അവ സ്റ്റാളുകളിൽ ക്രമീകരിക്കുന്നതിനുള്ള സൗകര്യവും ഉറപ്പാക്കേണ്ടതാണ്. വിധികർത്താക്കൾക്ക് സ്റ്റാളുകളിൽ വച്ച് മൂല്യനിർണ്ണയം നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണം. പ്രദർശന സ്റ്റാളുകൾ സന്ദർശിക്കുവാനെത്തുന്ന വിദ്യാർത്ഥികൾ, പൊതുജനങ്ങൾ മുതലായവർക്ക് എല്ലാ സ്റ്റാളുകളും കാണുന്നതിനു സൗകര്യം ചെയ്തു കൊടുക്കണം.

മേളയുടെ മാറ്റ് കൂട്ടുന്നതിനു വേണ്ടി സർക്കാർ/പൊതുമേഖലാ വകുപ്പുകൾ/സ്ഥാപനങ്ങൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സ്റ്റാളുകൾ ഉൾപ്പെടുത്തുക, പ്രദർശനസമയത്തിന് ശേഷം ഉചിതമായ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുക എന്നിവയും ഈ കമ്മിറ്റിയുടെ ചുമതലയാണ്.

### 3.9 പന്തൽ & സ്റ്റേജ് കമ്മിറ്റി

ഉദ്ഘാടന, സമാപന ചടങ്ങുകൾക്കും കലാ സാംസ്കാരിക പരിപാടികൾക്കും ആവശ്യമായ പന്തൽ നിർമ്മിക്കുക, പന്തലുകൾ അലങ്കരിക്കുക, ആവശ്യമായ ഫർണിച്ചറുകൾ നൽകുക, കവാടങ്ങളിൽ കമാനങ്ങൾ നിർമ്മിക്കുക, തത്സമയ മത്സരങ്ങൾക്കും പ്രദർശന സ്റ്റാളുകൾക്കും ആവശ്യമായ അളവിലും സൗകര്യത്തിലും പന്തൽ, പ്രദർശന സ്റ്റാൾ എന്നിവ നിർമ്മിക്കുക, അഗ്നിശമന സേന, എസ്.പി.സി/എൻ.സി.സി എന്നിവയ്ക്ക് ആവശ്യമായ പന്തൽ ഒരുക്കുക, വിവിധ കമ്മിറ്റികളുടെ ആവശ്യപ്രകാരം സ്റ്റേജുകൾ, കർട്ടൻ, ഇരിപ്പിടങ്ങൾ എന്നിവ ക്രമീകരിക്കുക തുടങ്ങിയവയെല്ലാം ഈ കമ്മിറ്റിയുടെ ചുമതലയാണ്.

### 3.10 ലൈറ്റ് & സൗണ്ട് കമ്മിറ്റി

പ്രദർശന പന്തലുകൾ, ഉദ്ഘാടന സമാപന വേദികൾ, താമസസ്ഥലങ്ങൾ, പാചകപ്പുര, ഭക്ഷണപ്പുര, ഇതിനോടനുബന്ധിച്ച മറ്റ് സ്ഥലങ്ങൾ, വിവിധ ഓഫീസുകൾ, മീഡിയാ സെന്റർ തുടങ്ങിയ എല്ലാ സ്ഥലങ്ങളിലും ആവശ്യാനുസരണം വൈദ്യുത വിളക്കുകളും ഉച്ചഭാഷണികളും ക്രമീകരിക്കുക. വൈദ്യുതി തടസ്സം നേരിടാൻ ആവശ്യമായ വൈദ്യുത ജനറേറ്ററുകൾ ഉപയോഗിച്ച് ക്രമീകരണം നിർവ്വഹിക്കേണ്ടതാണ്. പ്രധാനവേദിയിൽ യാതൊരാക്ഷേപത്തിനും ഇടവരാത്ത വിധത്തിലുള്ള സാങ്കേതിക മികവുള്ള സൗണ്ട് സിസ്റ്റം ക്രമീകരിക്കുക.

വേദികളിലും സ്റ്റാളുകളിലും ആവശ്യത്തിന് പ്ലഗ് പോയിന്റ് ഉറപ്പ് വരുത്തുക. പ്രോഗ്രാം കമ്മറ്റിയുടെ ആവശ്യാനുസരണം തത്സമയ മത്സരം നടക്കുന്ന സ്ഥലങ്ങളിൽ ആവശ്യമായ പ്ലഗ് പോയിന്റുകൾ, ഫാനുകൾ എന്നിവ ക്രമീകരിക്കണം. ഭക്ഷണകമ്മിറ്റി, ട്രാൻസ്പോർട്ട് കമ്മിറ്റി, രജിസ്ട്രേഷൻ കമ്മിറ്റി, പബ്ലിസിറ്റി കമ്മിറ്റി എന്നിവർക്ക് വേണ്ട മൈക്ക് സൗകര്യങ്ങൾ സജ്ജീകരിക്കണം.

## 3.11 പ്രചാരണ കമ്മിറ്റി

ശാസ്ത്ര-സാങ്കേതിക മേളയെ സംബന്ധിച്ച എല്ലാ കാര്യങ്ങൾക്കും പ്രചാരണം നൽകുകയാണ് ഈ കമ്മിറ്റിയുടെ ചുമതല. ദൃശ്യശ്രാവ്യ, പത്ര മാധ്യമങ്ങൾ, ബാനറുകൾ, കമാനങ്ങൾ തുടങ്ങിയവ ഉപയോഗിച്ച് പ്രചരണം നടത്താവുന്നതാണ്. പ്രോഗ്രാം കമ്മിറ്റിയിൽ നിന്നും ലഭിക്കുന്ന മത്സര ഫലങ്ങൾ യഥാസമയം വാർത്താമാധ്യമങ്ങൾക്ക് ലഭ്യമാക്കേണ്ട ചുമതലയും പ്രചാരണ കമ്മിറ്റിക്കാണ്. ഇതിനായി ഒരു മീഡിയാ റൂം ഒരുക്കേണ്ടതാണ്.

## 3.12 നിയമപാലന കമ്മിറ്റി

സംസ്ഥാന ശാസ്ത്ര-സാങ്കേതിക മേള നടക്കുന്ന സ്ഥലത്ത് അച്ചടക്കവും ചിട്ടയും ഉറപ്പുവരുത്തുകയാണ് ഈ കമ്മിറ്റിയുടെ പ്രധാന ചുമതല. പോലീസ് ഉദ്യോഗസ്ഥർ, എൻ.സി.സി, സ്കൌട്ട്സ് & ഗൈഡ്സ്, മറ്റ് സന്നദ്ധ സംഘടനകൾ, പൗരമുഖ്യർ എന്നിവരുടെ സേവനം തേടേണ്ടതാണ്. മേള അവസാനിക്കുന്നത് വരെ പൊലീസിന്റെ സേവനം നിർബന്ധമായും ഉറപ്പുവരുത്തേണ്ടതാണ്.

## 3.13 വെൽഫെയർ കമ്മിറ്റി

സംസ്ഥാന മേളയിൽ പങ്കെടുക്കുന്നവരുടെയും ഭാരവാഹികളുടെയും ക്ഷേമകാര്യവും ആരോഗ്യപരിപാലനവും ആണ് ഈ കമ്മിറ്റിയുടെ പ്രധാന ചുമതല. പൊതുജനാരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് ഏതുസമയവും വൈദ്യസഹായവും പ്രഥമശുശ്രൂഷയും ലഭ്യമാക്കണം. ആംബുലൻസ്, ഫയർഫോർസ് എന്നിവ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഒരുക്കണം. കുട്ടികൾ താമസിക്കുന്ന സ്ഥലത്തും, മത്സരം നടക്കുന്ന സ്ഥലങ്ങളിലും, ഭക്ഷണശാലയിലും, പരിസര പ്രദേശങ്ങളിലും ശുചീകരണത്തിന് വേണ്ട ഏർപ്പാടുകൾ തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് ചെയ്യേണ്ടതാണ്. എല്ലായിടത്തും കുടിവെള്ളവും ജലലഭ്യതയും ഉറപ്പാക്കണം.

## 3.14 വാഹന കമ്മിറ്റി

സംസ്ഥാന മേളയിൽ പങ്കെടുക്കുവാൻ വരുന്ന കുട്ടികൾ, അദ്ധ്യാപകർ, അതിഥികൾ, വിധികർത്താക്കൾ എന്നിവർക്ക് ആവശ്യമായ വാഹനങ്ങൾ ഏർപ്പെടുത്തുക എന്നതാണ് ഈ കമ്മിറ്റിയുടെ പ്രധാന ചുമതല. റയിൽവേ, സ്റ്റേറ്റ് ട്രാൻസ്പോർട്ട്, പൊതുസർവ്വീസ് നടത്തുന്ന പ്രൈവറ്റ് ബസ്സുടമകൾ, സ്കൂൾ ബസ്സുകൾ തുടങ്ങിയവയെ സമീപിച്ച് മത്സരസ്ഥലത്തേക്കും അവിടെനിന്നും തിരികെയും സർവ്വീസുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്. കുട്ടികളെയും അനുഗമിക്കുന്ന അദ്ധ്യാപകരേയും മത്സരസ്ഥലത്തുനിന്നും യഥാസമയം താമസസ്ഥലത്തേക്കും തിരികെയും എത്തിക്കുവാൻ ആവശ്യമായ വാഹനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

## 3.15 ട്രോഫി കമ്മിറ്റി

സംസ്ഥാനമേളയോട് അനുബന്ധിച്ച് സമ്മാനാർഹരായവർക്ക് നൽകുന്നതിന് ആവശ്യമായി വരുന്ന ട്രോഫികളും സമ്മാനങ്ങളും ശേഖരിക്കുക, മുൻവർഷങ്ങളിൽ വിതരണം ചെയ്ത റോളിംഗ് ട്രോഫികൾ കാലേക്കൂട്ടി ശേഖരിക്കുക, അവയുടെ അറ്റകുറ്റപണികൾ നടത്തി പോളിഷ് ചെയ്ത് വൃത്തിയാക്കുക, പുതിയവ വേണമെങ്കിൽ സമ്പാദിക്കുക എന്നിവ ഈ കമ്മിറ്റിയുടെ ചുമതലകളാണ്.

ഓരോ ഇനത്തിലും ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് വ്യക്തിഗത ട്രോഫി, മെരിറ്റ് സർട്ടിഫിക്കറ്റ്, ക്യാഷ് പ്രൈസ് എന്നിവ വിതരണം ചെയ്യേണ്ടതാണ്. ട്രോഫികൾക്ക് വേണ്ടി വരുന്ന തുക ജനറൽ ഫണ്ടിൽ നിന്നും ലഭിക്കുന്നത് പോരാതെ വന്നാൽ പൊതുജനങ്ങളിൽ നിന്നും ട്രോഫികൾ സംഭാവനയായി സ്വീകരിക്കാവുന്നതാണ്. വ്യക്തിഗത ട്രോഫികളും സർട്ടിഫിക്കറ്റുകളും അതതു ദിവസങ്ങളിൽത്തന്നെ വിതരണം ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ കമ്മിറ്റിയിൽ നിന്ന് ലഭിക്കുന്ന ലിസ്റ്റ് അനുസരിച്ച് മത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്.

മേളയുടെ സമാപനചടങ്ങിൽ വച്ച് ഓവറോൾ ചാമ്പ്യൻഷിപ്പുകളും, അവയുടെ സർട്ടിഫിക്കറ്റുകളും പ്രത്യേക സമ്മാനങ്ങളും വിതരണം ചെയ്യുക, ട്രോഫികൾ സ്വീകരിച്ചതിനു തെളിവായി ടീം മാനേജർ/എസ്കോർടിംഗ് ടീച്ചറെക്കൊണ്ട് ട്രോഫി രജിസ്റ്ററിൽ ഒപ്പ് വയ്പ്പിക്കുക, ട്രോഫി രജിസ്റ്റർ പൂർത്തിയാക്കി ജനറൽ കൺവീനറെ ഏൽപ്പിക്കുക എന്നിവയും ഈ കമ്മിറ്റിയുടെ ചുമതലയാണ്.

## 3.16 മൂല്യനിർണ്ണയ കമ്മിറ്റി

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേർസ് ട്രെയിനിംഗ് ആൻഡ് റിസർച്ച് (SITTTR) ജോയിന്റ് ഡയറക്ടർ ചെയർമാൻ ആയും ഡെപ്യൂട്ടി ഡയറക്ടർ (SITTTR) കൺവീനറും, പ്രോജക്റ്റ് ഓഫീസർമാർ, ടി.എച്ച്.എസ്. സൂപ്രണ്ടുമാർ എന്നിവർ ഈ കമ്മിറ്റിയിലെ അംഗങ്ങളുമായിരിക്കും. വിധികർത്താക്കളുടെ പാനൽ SITTTR ജോയിന്റ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി നിശ്ചയിക്കുക, അവരെ ക്ഷണിക്കുക എന്നിവ ഈ കമ്മിറ്റിയുടെ പ്രധാന ചുമതലയിൽപ്പെടുന്നു. ഇവാല്യുവേഷന് ആവശ്യമായ സ്കോർ ഷീറ്റുകൾ, ടാബുലേഷൻ ഷീറ്റുകൾ, റിമാർക്സ് ഷീറ്റുകൾ, മത്സര ഇനങ്ങൾക്കാവശ്യമായ സർട്ടിഫിക്കറ്റുകൾ മുതലായവ അച്ചടിച്ചുനൽകേണ്ടതും ഈ കമ്മിറ്റിയുടെ ചുമതലയാണ്.

### 3.16.1 വിധികർത്താക്കൾ

അതത് മേഖലകളിലെ വിദഗ്ദർ ആകണം വിധികർത്താക്കൾ ആയി വരേണ്ടത്. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേർസ് ട്രെയിനിംഗ് ആൻഡ് റിസർച്ച് (SITTTR) അംഗീകരിച്ച പാനലിൽ നിന്നുള്ളവരെ മാത്രമേ വിധികർത്താക്കൾ ആയി നിയമിക്കുവാൻ പാടുള്ളൂ.

ഓരോ ഇനത്തിലും കുറഞ്ഞത് മൂന്ന് വിധികർത്താക്കൾ ഉണ്ടാകണം. മത്സരത്തിൽ പങ്കെടുക്കുന്ന സ്കൂളുകളിലെ അദ്ധ്യാപകരോ, ജീവനക്കാരോ, മത്സരാർത്ഥികളുടെ ബന്ധുക്കളോ വിധികർത്താക്കളാകാൻ പാടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിലെ അദ്ധ്യാപകരെ ഉൾപ്പെടുത്തി വിധികർത്താക്കളുടെ പാനൽ തയ്യാറാക്കാവുന്നതാണ്.

| നമ്പർ | സ്ഥാപനത്തിന്റെ പേര് | ഉദ്യോഗ പേരുകൾ |
|---|---|---|
| 1. | എഞ്ചിനീയറിംഗ് കോളേജുകൾ | ഫസ്റ്റ് ഗ്രേഡ് ഇൻസ്ട്രക്ടർ/വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ട്രേഡ് ഇൻസ്ട്രക്ടർ |
| 2. | പോളിടെക്നിക്ക് കോളേജുകൾ | ലക്ചറർ/വർക്ക്ഷോപ്പ് സൂപ്രണ്ട്/വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ഡമോൺസ്ട്രേറ്റർ/ട്രേഡ് ഇൻസ്ട്രക്ടർ |
| 3 | പൊതുവിദ്യാലയങ്ങൾ, ഐ.ടി.ഐ കൾ, | വർക്ക് എക്സ്പീരിയൻസ് വിഭാഗം വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/അദ്ധ്യാപകർ/ഹൈസ്കൂൾ അദ്ധ്യാപകർ/ഐ.ടി.ഐ.കളിലെ ഇൻസ്ട്രക്ടർ |

## 3.17 ഗ്രീൻ പ്രൊട്ടോക്കോൾ കമ്മിറ്റി

ശുചിത്വമിഷനുമായി ചേർന്ന് വേദികളും പരിസരവും മാലിന്യമുക്തവും ഹരിതാഭവുമാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക, മത്സരാർത്ഥികൾക്കും ആസ്വാദകർക്കും ഹരിതപെരുമാറ്റചട്ടത്തെപ്പറ്റി അവബോധം നൽകി പരിസരങ്ങളെ മാലിന്യ മുക്തമാക്കുക, പ്ലാസ്റ്റിക്കിന്റെ പ്രയോഗം ഒഴിവാക്കാൻ വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക എന്നിവയാണ് ചുമതലകൾ.

## 3.18 അപ്പീൽ കമ്മിറ്റി

സംസ്ഥാനതല മത്സരങ്ങളുടെ ഫലപ്രഖ്യാപനത്തെക്കുറിച്ച് ഉണ്ടാകുന്ന പരാതികൾ അവലോകനം ചെയ്ത് തീർപ്പ് കൽപ്പിക്കുക എന്നതാണ് അപ്പീൽ കമ്മിറ്റിയുടെ പ്രധാന ചുമതല. ഫല പ്രഖ്യാപനം കഴിഞ്ഞ് ഒരു മണിക്കൂറിനുള്ളിൽ നിശ്ചിതമായ ഫീസ് [₹.1000/- (ആയിരം രൂപ മാത്രം)] സഹിതം പരാതി അപ്പീൽ കമ്മിറ്റിക്ക് നൽകേണ്ടതാണ്. ഒരു മണിക്കൂറിനു ശേഷവും ഫീസില്ലാതെയും സമർപ്പിക്കുന്ന അപ്പീലുകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. അപ്പീൽ കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

പരാതികൾ ടീം മാനേജർ വഴിയായിരിക്കണം നൽകേണ്ടത്. ഫലം അനുകൂലമാണെങ്കിൽ തുക തിരികെ നൽകുന്നതും മറിച്ചായാൽ ആ തുക ഫിനാൻസ് കമ്മിറ്റിയിലേക്ക് മുതൽ കൂട്ടുന്നതുമാണ്. അപ്പീൽ കമ്മിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു:

| | |
|---|---|
| ചെയർമാൻ | : സീനിയർ ജോയിന്റ് ഡയറക്ടർ |
| വൈസ് ചെയർമാൻ | : ജോയിന്റ് ഡയറക്ടർ, SITTTR<br>റീജിയണൽ ജോയിന്റ് ഡയറക്ടർ |
| അംഗങ്ങൾ | : ഡെപ്യൂട്ടി ഡയറക്ടർ, SITTTR<br>ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ)<br>ടി.എച്ച്.എസ്. സൂപ്രണ്ട് (സംസ്ഥാന മേള)<br>അതാത് വിഷയത്തിലെ വിദഗ്ദനായ ഒരാൾ |

# അധ്യായം 4
# ചാമ്പ്യൻഷിപ്പും, ഗ്രേസ് മാർക്കും

ഓവറോൾ ചാമ്പ്യൻഷിപ്പ് കണക്കാക്കുമ്പോൾ ഗ്രേഡ് പോയിന്റിന്റെയും പ്ലേസ് പോയിന്റിന്റെയും ആകെ തുകയാണ് പരിഗണിക്കേണ്ടത്. തുല്യത വന്നാൽ ഒന്നാം സ്ഥാനങ്ങളുടെ എണ്ണം പരിഗണിക്കണം.

## 4.1 ചാമ്പ്യൻഷിപ്പ് കണക്കാക്കുന്ന വിധം

മത്സരയിനങ്ങൾക്ക് ലഭിച്ച ഗ്രേഡ് പോയിന്റുകൾ, പ്ലേസ് പോയിന്റുകൾ എന്നിവയ്ക്ക് പുറമേ പ്രദർശന മത്സരത്തിന് ലഭിച്ച പ്ലേസ് പോയിന്റ് കൂടി ഉൾപ്പെടുത്തിയാണ് ഓവറോൾ ചാമ്പ്യൻഷിപ്പ് നിർണ്ണയിക്കുന്നത്.

### ഗ്രേഡ് പോയിന്റ്

| ഗ്രേഡ് | മാർക്ക് ശതമാനം | ലഭിക്കുന്ന പോയിന്റ് |
|---|---|---|
| എ | 80% മോ അതിലധികമോ | 5 |
| ബി | 70% മുതൽ 79% വരെ | 3 |
| സി | 60% മുതൽ 69% വരെ | 1 |

### പ്ലേസ് പോയിന്റ്

| പ്ലേസ് | ലഭിക്കുന്ന പോയിന്റ് | |
|---|---|---|
| | വ്യക്തിഗത ഐറ്റം | ഗ്രൂപ്പ് ഐറ്റം |
| ഒന്നാം സ്ഥാനം | 5 | 10 |
| രണ്ടാം സ്ഥാനം | 3 | 6 |
| മൂന്നാം സ്ഥാനം | 1 | 2 |

